# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6573 | 21.11.2019-ന് മറുപടിയ്ക്ക് |
|---|---|

**ഭൂമിയുടെ പൊന്നും വില കൊടുക്കുന്നതിന് കാലതാമസം**

| ചോദ്യം<br>ശ്രീ. പി.ടി.എ. റഹീം | ഉത്തരം<br>ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | ഭൂമിയുടെ പൊന്നും വില കൊടുക്കുന്നതിന് പുതിയ നിയമമനുസരിച്ച് നടപടികൾ പൂർത്തിയാക്കാൻ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. എന്നാൽ ഭൂവുടമകളുടെ എതിർപ്പും കോടതി വ്യവഹാരങ്ങളും കാരണം ഭൂമി ഏറ്റെടുക്കൽ നടപടികൾ നീണ്ടുപോകുന്നു. |
| (ബി) | പാരിസ്ഥിതിക ആഘാത പഠനം നടത്തുന്നതിന് ഏജൻസികളെ ലഭിക്കാത്ത സാഹചര്യമുണ്ടോ; | (ബി) | ഇല്ല |
| (സി) | തുച്ഛമായ കണ്ടിജൻസി തുക കെട്ടിവയ്ക്കാൻ ഭരണാനുമതിയുള്ള പ്രവൃത്തികൾക്ക് പോലും വീണ്ടും ഉത്തരവ് വേണ്ട സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഇല്ല |
| (ഡി) | കണ്ടിജൻസി സംഖ്യ കെട്ടി വയ്ക്കാനും, പരിസ്ഥിതി ആഘാത പഠനം നടത്തുന്ന ഏജൻസിക്ക് നൽകേണ്ട പ്രതിഫലം നൽകുന്നതിനും കളക്ടർമാർക്ക് ഒരു റിവോൾവിംഗ് ഫണ്ട് ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | (ഡി) | എൽ.എ.ആർ.ആർ റൂൾസ്, 2015-ലെ ഭൂമി ഏറ്റെടുക്കൽ ചട്ടങ്ങൾ പ്രകാരം ഏറ്റെടുക്കേണ്ട ഭൂവിലയുടെ 5% കണ്ടിജൻസി ചാർജ് അല്ലെങ്കിൽ 50 ലക്ഷം രൂപ ഇവയിലേതാണോ കുറവ് പ്രസ്തുത തുക അർത്ഥനാധികാരി ബന്ധപ്പെട്ട ലാൻഡ് അക്വിസിഷൻ ഓഫീസറുടെ TSB അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. പരിസ്ഥിതി ആഘാത പഠനം നടത്തുന്ന ഏജൻസിക്ക് നൽകേണ്ട പ്രതിഫലം കണ്ടിജൻസി ഫണ്ടിൽ നിന്നാണ് വകയിരുത്തുന്നത്. റിവോൾവിംഗ് ഫണ്ട് ഏർപ്പെടുത്തുന്നത് സംബന്ധിച്ച് യാതൊന്നുംതന്നെ ചട്ടങ്ങളിൽ പ്രതിപാദിച്ചിട്ടില്ലാത്തതിനാൽ നടപടി സ്വീകരിക്കാൻ നിർവാഹമില്ല. |

സെക്ഷൻ ഓഫീസർ